**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4118

21.07.2015-ൽ
മറുപടിയ്ക്ക്

**സാംസ്കാരിക കേന്ദ്രങ്ങളും ചരിത്ര സ്മാരകങ്ങളും**

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

(എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാംസ്കാരിക കേന്ദ്രങ്ങൾ ഏതെല്ലാമാണ്; അവ എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) നിരവധി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സ്മരിക്കപ്പെടേണ്ട വ്യക്തികളുമുള്ള കേരളത്തിൽ ഈ സർക്കാർ കാലയളവിൽ ഈ സ്ഥലങ്ങളെയും വ്യക്തികളെയും സംബന്ധിക്കുന്ന എത്ര സ്മാരകങ്ങൾ സ്ഥാപിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

കെ.സി.ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി

(എ)-യും (ബി)-യും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംഗീത നാടക അക്കാദമിയുടെ കീഴിൽ കൊല്ലം കടവട്ടൂരിൽ ഭരത് മുരളി സ്മാരക സമുച്ചയം, ആലപ്പുഴ മാവേലിക്കര പല്ലാരിമംഗലത്ത് നരേന്ദ്ര പ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രം എന്നിവയും കേരള സാഹിത്യ അക്കാദമിയുടെ കീഴിൽ തൃശ്ശൂർ എരവിമംഗലത്ത് ഡോ.സുകുമാർ അഴീക്കോട് സ്മാരകം, തൃശ്ശൂർ തിരുവില്വാമലയിൽ വി.കെ.എൻ.സ്മാരകം എന്നിവയും ആരംഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ കീഴിൽ തൃശ്ശൂർ പുന്നയൂർക്കുളത്ത് കമലാസുരയ്യാ സ്മാരക നിർമ്മാണം പുരോഗമിച്ച് വരികയാണ്. കേരള ലളിതകലാ അക്കാദമിയുടെ കീഴിൽ കിളിമാനൂരിൽ രാജാരവിവർമ്മയുടെ സ്മരണാർത്ഥം ആർട്ട് ഗ്യാലറിയും, കായംകുളത്ത് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മരണാർത്ഥം കാർട്ടൂൺ മ്യൂസിയവും, കൊടുങ്ങല്ലൂരിൽ ആധുനിക ചിത്രകലാകാരനായ മാധവമേനോന്റെ സ്മരണാർത്ഥം ആർട്ട് ഗ്യാലറിയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, മലമ്പുഴ, നെടുമ്പാശ്ശേരി, കാലടി, മാനന്തവാടി എന്നിവിടങ്ങളിലും ആർട്ട് ഗ്യാലറികൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ശ്രീകണ്ഠാപുരത്ത് ഗ്ലോബൽ ആർട്ട് വില്ലേജിന്റെ പണി നടന്നുവരുന്നു. തിരുവനന്തപുരം വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമര ചരിത്ര സ്മാരക നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വൈക്കം നഗരസഭാ സമുച്ചയത്തിൽ വൈക്കം സത്യാഗ്ര മ്യൂസിയവും ഗാന്ധി പ്രതിമയും സ്ഥാപിക്കുന്നതിലേക്കായി നിർമ്മാണം നടന്നു വരുന്നു. നവോത്ഥാന മുന്നേറ്റങ്ങൾക്ക് നാന്ദി കുറിച്ച വൈക്കം സത്യാഗ്രഹ സ്മാരകമായി വൈക്കം സത്യാഗ്രഹസ്മൃതി ശില്പ ഉദ്യാനത്തിന്റെ നിർമ്മാണം

അവസാന ഘട്ടത്തിലാണ്. കേരള നാടൻകലാ അക്കാദമിയുടെയും പുരാവസ്തു വകുപ്പിന്റെയും കീഴിൽ പാലക്കാട് വാദ്യോപകരണ മ്യൂസിയവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട് എന്നിവിടങ്ങളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന നടപടി നടന്നു വരുന്നു.

(സി) ഇവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി)

| **സ്മാരകം** | | **തുക** (രൂപയിൽ) |
|---|---|---|
| ഭരത് മുരളി സ്മാരകം | – | 9,00,000 |
| നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന കേന്ദ്രം | – | 9,00,000 |
| ഡോ.സുകുമാർ അഴീക്കോട് സ്മാരകം | – | 61,25,000 |
| കമലാസുരയ്യാ സ്മാരകം | – | 85,95,000 |
| ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം | – | 47,22,407 |
| രാജാരവിവർമ്മ സ്മാരകം | – | 73,76,658 |
| രാജാരവിവർമ്മ സ്മൃതി മണ്ഡപം | – | 14,92,055 |
| രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി | – | 28,34,500 |
| കൊടുങ്ങല്ലൂർ മാധവമേനോൻ സ്മാരക ആർട്ട് ഗ്യാലറി | – | 7,42,344 |
| വട്ടിയൂർക്കാവ് സ്വാതന്ത്ര്യ സമര ചരിത്ര സ്മാരകം | – | 1,75,00,000 |
| വൈക്കം സത്യാഗ്രഹ മ്യൂസിയം, ഗാന്ധി പ്രതിമ | – | 75,00,000 |

(ഡി) സ്മാരകങ്ങൾ നിർമ്മിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് എന്ന് വ്യക്തമാക്കുമോ; സ്മാരകങ്ങളായി കേവലം കെട്ടിടങ്ങൾ പണിയുന്നതിന് പകരം സ്മരിക്കപ്പെടേണ്ട വ്യക്തികളുടെ പ്രവർത്തന മേഖലയ്ക്ക് സജീവത നൽകും വിധം സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) സ്മരിക്കപ്പെടേണ്ട വ്യക്തികളുടെയും, സ്ഥലങ്ങളുടെയും, സംഭവങ്ങളുടെയും [illegible]ക്ക് സജീവത നൽകും വിധമാണ് സ്മാരകങ്ങൾ നിർമ്മിച്ചു വരുന്നത്. ഇന്ത്യയിലെ വിശ്രുത ചിത്രകാരനായിരുന്ന രാജാരവിവർമ്മയുടെ സ്മരണാർത്ഥം ജന്മനാടായ കിളിമാനൂരിൽ ഒരുക്കിയ സ്മാരകത്തിൽ രവിവർമ്മയുടെ ചിത്രപ്പകർപ്പുകളാണ് പ്രദർശിപ്പിക്കുന്നത്. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ സ്മാരകമായി സ്ഥാപിച്ച കായംകുളം കൃഷ്ണപുരം

കാർട്ടൂൺ മ്യൂസിയത്തിൽ ശങ്കറിന്റെ രചനകളും അദ്ദേഹം സർഗ്ഗസൃഷ്ടിക്ക് ഉപയോഗിച്ച രചനാ-സാമഗ്രികളും പ്രദർശിപ്പിച്ചിട്ടുണ്ട്. ആധുനിക ചിത്ര കലാകാരനായ മാധവ മേനോന്റെ സ്മരണാർത്ഥം കൊടുങ്ങല്ലൂരിൽ നിർമ്മിച്ച ആർട്ട് ഗ്യാലറിയിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ആർക്കൈവൽ ക്വാളിറ്റിയിൽ പ്രിന്റ് ചെയ്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാന സമര ചരിത്രത്തിലെ നിർണ്ണായക സമരമായ 1924-ലെ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണകൾ പുതു തലമുറകളിലേയ്ക്ക് പകരുന്നതിനായി സമകാലീന രീതിയിൽ രൂപകൽപന ചെയ്ത ശിൽപങ്ങളാണ് വൈക്കം സത്യാഗ്രഹസ്മൃതി ശിൽപ ഉദ്യാനത്തിൽ ഉള്ളത്.

സെക്ഷൻ ഓഫീസർ